**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം**
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ : 0487-2370302 ഇമെയിൽ:ulfmty@kvasu.ac.in

നമ്പർ. യു.എൽ.എഫ്./എം.ടി.വൈ/ജി./1707/2011 (iii)　　　　മണ്ണുത്തി, തീയതി 09/12/2025

**ലേലം/ക്വട്ടേഷൻ നോട്ടീസ്**

ഈ ഫാമിൻറെ അധികാര പരിധിയിലുള്ള താഴെ പറയുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 01.01.2026 മുതൽ 30.11.2026 കാലയളവിൽ വിളവെടുപ്പ് നടത്തുന്നതിനുള്ള അവകാശം ഉറപ്പിച്ചുകൊടുക്കുന്നതിനായി മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു

| ക്രമ നമ്പർ | വൃക്ഷം | വിളവെടുപ്പ് കാലാവധി | നിരതദ്രവ്യം (രൂപ) |
|---|---|---|---|
| 1 | സപ്പോട്ട | 2026 ജനുവരി 1 മുതൽ 2026 നവംബർ 30 വരെ | 500/- |
| 2 | പൂള | | |
| 3 | നെല്ലി | | |
| 4 | പുളി | | |
| 5 | കശുമാവ് | | |

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന **തീയ്യതി 19/12/2025 ഉച്ചയ്ക്ക്03.00 മണി** വരെയായിരിക്കും. അന്നേ ദിവസം **ഉച്ചയ്ക്ക് 3.15 ന്** അപ്പോൾ ഹാജരാകുന്നവരുടെ സാന്നിദ്ധ്യത്തിൽ സർവ്വകലാശാല നിശ്ചയിക്കുന്ന നിരക്കിൽ നിന്നും പരസ്യലേലം ആരംഭിക്കുന്നതാണ്. ലേലത്തിനു ശേഷം ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതും, ലേലത്തിനോ, ക്വട്ടേഷനിലോ, ഏതിനാണോ കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് ആ തുകയ്ക്ക് സർവ്വകലാശാലയ്ക്ക് തൃപ്തികരമെങ്കിൽ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. അല്ലാത്ത പക്ഷം പുനർ ലേലമോ/പുനർ ക്വട്ടേഷനോ നടത്തുന്നതാണ്

സപ്പോട്ട, പൂള, നെല്ലി, പുളി, കശുമാവ് എന്നിവയ്ക്കു കൂടി ഇനം തിരിച്ചുള്ള ഒറ്റ ക്വട്ടേഷനാണ് സമർപ്പിക്കേണ്ടത്. ഏതുതരം വിളവെടുപ്പുകൾക്കുള്ള ക്വട്ടേഷനാണെന്ന് കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതാണ്. മേൽ കാണിച്ചിരിക്കുന്ന നിരതദ്രവ്യം അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്, യു.എൽ.എഫ് എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെഒല്ലൂക്കര ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ ഡി.ഡി. ആയോ, പണം അടച്ച രസീതായോ ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചവരേയും, അല്ലാത്തവരേയുംനിരതദ്രവ്യം അടയ്ക്കുന്ന മുറയ്ക്ക് അന്നേ ദിവസം ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതാണ്. ക്വട്ടേഷൻ/ലേലം ഉറപ്പിച്ചാൽ അന്നു തന്നെ തുകയുടെ 1/4 ഭാഗം ഈ ഓഫീസിൽ അടയ്ക്കേണ്ടതുംബാക്കി തുക 7 ദിവസത്തിനകം അടയ്ക്കേണ്ടതുമാണ്. 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി സമർപ്പിച്ചതിനു ശേഷമേ വിളവെടുപ്പ് നടത്തുവാൻ അനുവദിക്കുകയുള്ളൂ. നിശ്ചിത ദിവസത്തിനകം മുഴുവൻ തുകയും അടയ്ക്കാത്തവരുടെ നിരതദ്രവ്യം സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്. ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞ വൃക്ഷത്തിൻറെ ശാഖകൾ മുറിച്ചുമാറ്റേണ്ടി വന്നാൽ ആയതിനുള്ള അവകാശം ഫാം മേധാവിക്ക് ആയിരിക്കും. ക്വട്ടേഷൻ സ്വീകരിക്കുവാനും നിരാകരിക്കാനുമുള്ള അവകാശം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ഫലമല്ലാതെ വൃക്ഷത്തിൻറെ മറ്റ് അനുഭവങ്ങളോ തടിയോ ക്വട്ടേഷൻ/ലേലം കിട്ടുന്നയാൾ എടുക്കാൻ പാടുള്ളതല്ല. ക്വട്ടേഷൻ/ലേലം ലഭിക്കാത്തവർക്ക് നിശ്ചിത ദിവസത്തിനു ശേഷം നിരതദ്രവ്യം ചെക്ക് മുഖാന്തിരം തിരിച്ചുനൽകുന്നതാണ്.

മറ്റു സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ വ്യവസ്ഥകൾ ഈ ക്വട്ടേഷനും ബാധകമാണ്. പാകമായ പഴങ്ങൾ വിളവെടുപ്പ് നടത്താതെ പൊഴിഞ്ഞു വീണ് ഫാമും പരിസരവും അനുബന്ധ റോഡുകളും വൃത്തികേടാകുകയും ഈച്ച പെരുകുകയും ചെയ്യുവാനുള്ള സാഹചര്യം ഉണ്ടായാൽ അതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ ക്വട്ടേഷൻകാരനിൽ നിന്ന് ഈടാക്കുന്നതായിരിക്കും. കരാർ ലഭിച്ച വ്യക്തിയുടെ നിരതദ്രവ്യം സെക്യൂരിറ്റി ഡിപ്പോസിറ്റായി വകയിരുത്തുന്നതും കാലാവധിയ്ക്കു ശേഷം മറ്റു ബാധ്യതകളില്ലാത്തപക്ഷം മാത്രം ഈ തുക ക്രോസ്ഡ് ചെക്ക് മുഖാന്തിരം ടിയാൾക്ക് തിരികെ നൽകുന്നതാണ്.

ഒപ്പ്
**അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ്: നോട്ടീസ് ബോർഡുകൾ
പകർപ്പ്: വില്ലേജ് ഓഫീസ് ഒല്ലൂക്കര/തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര
എസ്.എഫ്.എസ്/എഫ്.എസ്/ഫയൽ/മിച്ചം

**//അംഗീകാരത്തോടെ അയക്കുന്നത്//**

**അസിസ്റ്റന്റ് രജിസ്ട്രാർ**